# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4355 — 24.10.2016 ൽ - മറുപടിക്ക്

## സൗജന്യമായി ഭക്ഷ്യ ധാന്യവിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) മുൻഗണനാ വിഭാഗത്തിനുള്ള പട്ടിക തയ്യാറാക്കുമ്പോൾ ഭക്ഷ്യ ധാന്യ കമ്മി സംസ്ഥാനങ്ങൾക്ക് കൂടുതൽ ഇളവുകൾ അനുവദിക്കണമെന്നും കേരളത്തിലെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യ ധാന്യം (പ്രതിവർഷം 16.25 ലക്ഷം ടൺ എന്ന തോതിൽ) അനുവദിക്കണമെന്നുമുള്ള ആവശ്യം കഴിഞ്ഞ സർക്കാർ ഉന്നയിച്ചതുപോലെ ഇപ്രാവശ്യവും ഉന്നയിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) കേന്ദ്ര പാർലമെന്റ് പാസ്സാക്കിയ ഭക്ഷ്യ ഭദ്രതാ നിയമം 2013 സമയബന്ധിതമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത നിയമം നടപ്പിലാക്കുമ്പോൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്ത കാർഡിലെ അംഗങ്ങൾക്കും ഭക്ഷ്യധാന്യം ഉൾപ്പെടുത്തുന്നതിന് പദ്ധതിയുണ്ട്. ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി നിരന്തരം ആശയവിനിമയം നടത്തിവരുന്നു. |
| (ബി) 2016 ഏപ്രിൽ മുതൽ കേരളം സൗജന്യമായി ഭക്ഷ്യധാന്യ വിതരണം നടത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) സൗജന്യ ഭക്ഷ്യ ധാന്യ വിതരണം എ.എ.വൈ. വിഭാഗക്കാർക്ക് മാത്രമാണ് നടത്തി വരുന്നത്. |
| (സി) കേരള സംസ്ഥാനം രൂപീകൃതമായതു മുതൽ നിരന്തര പരിശ്രമത്തിലൂടെ വളർത്തിയെടുത്ത പൊതുവിതരണ സമ്പ്രദായം തകർത്തു കളയുന്ന തരത്തിൽ ഭക്ഷ്യ വകുപ്പ് എടുത്തിട്ടുള്ള തീരുമാനം പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) അങ്ങനെ ഒരു തീരുമാനം ഭക്ഷ്യവകുപ്പ് എടുത്തിട്ടില്ല. പൊതുവിതരണ സംവിധാനത്തെ കൂടുതൽ സുതാര്യവും കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്ന ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് പ്രാബല്യത്തിലാകുന്നതോടെ പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തവും ജനപ്രിയമാവുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ